# നെൽക്കതിർ അവാർഡ് സർക്കാർ തിരിച്ചുവാങ്ങുമോ?

**സ്വന്തം ലേഖകൻ**

കേരളീയത്തിന്റെ ഫെബ്രുവരി ലക്കത്തിൽ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ മുള്ളരിപ്പാടം പാടശേഖര സമിതിയ്ക്ക് നെൽക്കതിർ അവാർഡ് നൽകിയതു സംബന്ധിച്ച് ഒരുകത്ത് പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ പേരിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റും പാടശേഖര സമിതി സെക്രട്ടറിയുമായ ശ്രീ.ടി.വി. വേണു ഒരു ദിവസം കേരളീയം പത്രത്തിന്റെ ഓഫീസിലേക്ക് ഫോൺ വിളിച്ച് ചില ഭീഷണിപ്പെടുത്തലുകൾ നടത്തി. തുടർന്ന് കേരളീയം ടീം നടത്തിയ അന്വേഷണത്തിൽ മനസ്സിലായ കൂടുതൽ വിവരങ്ങൾ വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

മുള്ളരിപ്പാടം എന്ന പേരിൽ അറിയപ്പെടുന്ന പാടശേഖരം സർക്കാരിന്റെയും കൃഷിവകുപ്പിന്റെയും കണ്ണിൽ പൊൻമുട്ടയിടുന്ന ഒരു താറാവാണിപ്പോൾ. ചുരുങ്ങിയ പക്ഷം പഞ്ചായത്ത് വൈസ് പ്രസിഡന്റായ വേണുവിനെ സംബന്ധിച്ചെങ്കിലും അത് ഒരു യാഥാർഥ്യമാണ്.

ഈ പാടശേഖരത്ത് കഴിഞ്ഞ 4 വർഷക്കാലത്തിനിടയിൽ സർക്കാർ ചിലവാക്കിയ പണത്തിന്റെ വ്യാപ്തി ഈ വസ്തുത സാക്ഷ്യപ്പെടുത്തുന്നു. മുള്ളരിപ്പാടം പാടശേഖരനെല്ലുത്പാദക സമിതി, മുള്ളരിപ്പാടം ഹരിത സംഘം, കളരിക്കൽ ചിറ വികസന സമിതി തുടങ്ങിയവയുടെയെല്ലാം പ്രധാന ഭാരവാഹിയും വേണു തന്നെ. സംസ്ഥാന കൃഷിവകുപ്പ്, ജില്ലാ പഞ്ചായത്ത്, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് തുടങ്ങിയ വിവിധ സർക്കാർ ഏജൻസികൾ ഈ കാലയളവിൽ ഇവിടെ ചിലവഴിച്ച തുക ചുരുങ്ങിയത് 10 ലക്ഷമെങ്കിലും വരും. അനുദിനം നെല്പ്പാടത്തിന്റെ വ്യാപ്തി കുറഞ്ഞുവരുമ്പോഴും ആനുകൂല്യങ്ങൾ ഒഴുകുകയായിരുന്നു.

പദ്ധതി പ്രദേശത്തുകൂടി സഞ്ചരിക്കുന്ന ഏതൊരാൾക്കും കാണാവുന്ന വസ്തുതകളുണ്ട്. നൂറുകണക്കിനേക്കർ സ്ഥലം നികത്തി പറമ്പുകളായി മാറ്റിയിരിക്കുന്നു മറുവശത്ത് കുന്നുപോലെ മുളച്ചുയരുന്ന മെറ്റൽക്രഷർ യൂണിറ്റുകളും ഇഷ്ടികക്കളങ്ങളും. അവശേഷിക്കുന്ന 50 മുതൽ 75 വരെ ഏക്കർ വരുന്ന പാടശേഖരത്ത് നല്ലൊരുഭാഗം പച്ചക്കൃഷിയ്ക്കായി നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു.

നാളിതുവരെ യാതൊരു വിധത്തിലുമുള്ള കൂട്ടുകൃഷിയും അവിടെ നടന്നിട്ടില്ല. പാടം നികത്തുന്നതിനോ, കുഴിക്കുന്നതിനോ രാഷ്ട്രീയക്കാരും റവന്യൂ ഉദ്യോഗസ്ഥൻമാരും ചേർന്ന് നടത്തിയിട്ടുള്ള കൂട്ടുകൃഷിയിൽ വേണുവടക്കമുള്ളവർ വമ്പൻ വിളവെടുപ്പ് നടത്തിയിട്ടുണ്ടാകാം. പത്രത്തിൽ പടം കൊടുക്കാൻ വേണ്ടി ഒരു ടില്ലർ കൊണ്ടുവന്ന് കുറച്ചുപേരെ വിളിച്ചു നിർത്തി പടമെടുത്തു എന്നതാണ് സത്യം. ഓരോരുത്തരും ഓരോ വിത്തുപയോഗിച്ച് തോന്നിയപോലെ കൃഷിചെയ്തു, തോന്നിയ സമയത്ത് കൊയ്ത്തുനടത്തി. നെൽക്കതിർ അവാർഡ് വാർത്ത പത്രങ്ങളിൽ വന്നപ്പോഴാണ് കൃഷിക്കാർ ഗ്രൂപ്പ് ഫാമിംഗ് എന്ന 'സംഗതി' തന്നെ പഠിച്ചത്.

'കൊല്ലനും കൊല്ലത്തിയും അറിയാതെ' ഒരു സുപ്രഭാതത്തിൽ മുള്ളരിപ്പാടം വാർത്തകളിൽ ഇടം കണ്ടെത്തി.

ഇആർ-918/90 ആയി രജിസ്റ്റർ ചെയ്യപ്പെട്ട പാടശേഖര നെല്ലുത്പാദക സമിതിയ്ക്ക് പ്രസിഡന്റും ഭരണസമിതിയും ഉണ്ട്. എല്ലാവിധ പണമിടപാടുകളും ബാങ്ക് അക്കൗണ്ടും നിയമപരമായി പ്രസിഡന്റും സെക്രട്ടറിയും കൂടിച്ചേർന്ന് മാത്രം നടത്തേണ്ടതാണ്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് കൂടിയായ സെക്രട്ടറിയ്ക്ക് സ്വന്തം പേരിൽ പഞ്ചായത്തിന്റെ പണം പിൻവലിച്ചുകൂടെന്ന നിയമ വ്യവസ്ഥകൾ കാറ്റിൽപ്പറത്തി ലക്ഷക്കണക്കിനു രൂപയുടെ ആനുകൂല്യങ്ങളാണ് അദ്ദേഹം കൈപ്പറ്റിയത്. പാടശേഖര സമിതിയുടെ പ്രസിഡന്റ് ഫലത്തും അറിഞ്ഞിട്ടുപോലുമില്ല!

നെല്ലുത്പാദകസമിതിയ്ക്ക് ഇപ്പോൾ 3 പവർ ടില്ലറുകൾ സ്വന്തമായുണ്ടത്രേ! സെക്രട്ടറി സമിതിയുടെ ചിലവിൽ പണം മുടക്കി സംഘടിപ്പിച്ച മികച്ച പഞ്ചായത്തു മെമ്പർക്കുള്ള അവാർഡ് വിതരണച്ചടങ്ങിന്റെ ആവേശത്തിൽ മതിമറന്നുപോയ വകുപ്പു മന്ത്രിയാണ് തന്റെ വക പ്രത്യേക സമ്മാനമായി ഒരു ടില്ലർ നൽകിയത്.(ഓഡർനമ്പർ: 2533/എം.വി./97 ഡി. തിയതി:26-2-99) ക്വട്ടേഷൻ നൽകിയത് അത്താണിയിലെ സർക്കാർ സ്ഥാപനമായ'കാംകോ'യാണ്. കുബോട്ട പവർടില്ലറിനാണ് ക്വട്ടേഷൻ നൽകിയത് എങ്കിലും ഡെലിവറി ചെലാനിൽ കാണിച്ചിട്ടുള്ള എഞ്ചിൻനമ്പറും ചേസിസ് നമ്പറും ഒരു സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള മിത്സുബിഷി ടില്ലറിന്റേതാണ്.(ചേസിസ് നമ്പർ 12990919 എഞ്ചിൻ നമ്പർ 11990962)

99,989 രൂപയ്ക്കുള്ള ചെക്ക് ഗവ: ഉത്തരവു പ്രകാരം പഞ്ചായത്തിൽ നിന്നും നൽകിയത്. 3-6-99ൽ. 15-6-99ൽ അങ്കമാലി സബ് ട്രഷറിയിൽ സമർപ്പിച്ച ചെക്ക് മാറിയത് 16-6-99ൽ കാംകോയിലെ റീജണൽ എഞ്ചിനീയർ നൽകിയതാണിത്. ബാങ്കിൽ നൽകിയ ഡെലിവറി ചെലാൻ നമ്പർ പി.ടി. 09/99-2000 പ്രകാരം 10.6.99 ലാണ് ഡെലിവറിനടത്തിയത്. പണം മാറിയിട്ടുള്ളത് പാടശേഖരസമിതിയുടെ അക്കൗണ്ടിൽ അല്ല. (അക്കൗണ്ട് നമ്പർ 93-1958 സഹകരണബാങ്ക് മഞ്ഞപ്ര)

ഇത്തരത്തിൽ നടത്തിയ ലക്ഷക്കണക്കിന് രൂപയുടെ ഇടപാടുകളെക്കുറിച്ച് നാളിതുവരെ പാടശേഖരസമിതിയ്ക്ക് യാതൊരു കണക്കുകളും നൽകപ്പെട്ടിട്ടില്ല.

വേണുവിന്റെ ബന്ധുക്കൾ ഇക്കാലയളവിൽ വാങ്ങിയതായി പറയപ്പെടുന്ന വസ്തുവകകളെക്കുറിച്ച് ഒരന്വേഷണം കൂടി നടത്തിയാൽ നഗ്നമായ അഴിമതിയുടെ കഥകൾ വെളിച്ചത്തുവരാം. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ തന്നെ കേരളസർക്കാർ ഈ അവാർഡ് തിരികെ വാങ്ങുമെന്ന് പ്രതീക്ഷിക്കാം.